**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നം. 6026**

**04 .11.2016-ൽ**
**മറുപടിയ്ക്ക്**

# വസ്തുക്കരം ഈടാക്കുന്നതിന്റെ നിരക്ക്

**ചോദ്യം**

**ശ്രീ. മഞ്ഞളാംകുഴി അലി**

**മറുപടി**

**ഇ. ചന്ദ്രശേഖരൻ**
**റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി**

| ചോദ്യം | മറുപടി |
| --- | --- |
| (എ) സംസ്ഥാനത്ത് വസ്തുക്കരം അവസാനമായി പരിഷ്കരിച്ചത് എന്നാണ്; നിലവിലെ വ്യവസ്ഥ പ്രകാരം വസ്തുക്കരം ഈടാക്കുന്നതിന്റെ നിരക്ക് എപ്രകാരമാണ്;വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്ത് വസ്തുക്കരം അവസാനമായി പരിഷ്ക്കരിച്ചത് 11/03/2016-ലെ 20053/ലെജി. ബി2/15/നിയമം നമ്പർ വിജ്ഞാപനം പ്രകാരമാണ്. 1961-ലെ കേരള ഭൂനികുതി നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായാണ് നിലവിൽ നികുതി ഈടാക്കി വരുന്നത്. പഞ്ചായത്ത് ഏരിയയിൽ എട്ട് ആർ വരെ ആർ ഒന്നിന് ഒരു രൂപയും, രണ്ട് ഹെക്ടർ വരെ ആർ. ഒന്നിന് രണ്ട് രൂപയും, രണ്ട് ഹെക്ടറിനു മുകളിൽ 400/- രൂപയും അധികമായി വരുന്ന ഓരോ ആറിനും 5/- രൂപയും ഈടാക്കുന്നുണ്ട്. ടൗൺ പഞ്ചായത്ത്, മുൻസിപ്പൽ കൗൺസിൽ എരിയകളിൽ മൂന്ന് ആർ വരെ ആർ ഒന്നിന് രണ്ട് രൂപയും, രണ്ട് ഹെക്ടർ വരെ ആർ ഒന്നിന് നാല് രൂപയും, രണ്ട് ഹെക്ടറിനു മുകളിൽ 800/- രൂപയും അധികമായി വരുന്ന ഓരോ ആറിനും 10/- രൂപയും ഈടാക്കുന്നുണ്ട്. മുനിസിപ്പൽ/ കോർപ്പറേഷൻ എരിയയിൽ രണ്ട് ആർ വരെ ആർ ഒന്നിന് നാലു രൂപയും, രണ്ട് ഹെക്ടർ വരെ ആർ ഒന്നിന് എട്ട് രൂപയും, രണ്ട് ഹെക്ടറിനു മുകളിൽ 1600/- രൂപയും അധികമായി വരുന്ന ഓരോ ആറിനും 20/- രൂപയും ഈടാക്കുന്നുണ്ട്. |
| (ബി) ഭൂമിയുടെ ഇനത്തിന്റെയും ന്യായവിലയുടെയും അടിസ്ഥാനത്തിൽ വസ്തുക്കരം ഈടാക്കുന്നതിന്റെ സാദ്ധ്യതകൾ പരിശോധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കൃഷിഭൂമിക്കും പുരയിടത്തിനും ഒരേ നിരക്കിൽ കരം ഈടാക്കുന്നത് ശരിയാണെന്ന് കരുതുന്നുണ്ടോ ; വിശദവിവരം നൽകുമോ? | (ബി) നിലവിൽ പരിശോധിച്ചിട്ടില്ല. ഈ വിഷയം വിശദമായി പരിശോധിച്ചാൽ മാത്രമേ തീരുമാനമെടുക്കുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ

RG.